# ഡിവൈൻ ഷോപ്പിംഗ്

തമ്പി ആന്റണി, കാലിഫോർണിയ

കവിത

മതദൈവങ്ങളെന്നും
മതവിശ്വാസികളെ
കൊള്ളയടിച്ചടിച്ചാ
കള്ളനാണയങ്ങൾ
പിടിച്ചു പറിക്കുന്നു!

ദൈവരൂപങ്ങൾ
പ്രതിമകളായി,
പ്രതികരിക്കാനാകാതെ
വെറും പ്രതിബിംബങ്ങളായി
ആ ഡിവൈൻ ഷോപ്പിംഗ് എന്ന
ഡിവൈൻ കോമഡി
കണ്ടു പകച്ചു നിന്നിടുന്നു.

പാവം മനുഷ്യർ
പൂണൂലും കൊന്തയുമായി
ദൈവനാമങ്ങൾ
ഉരുവിട്ടുരുവിട്ടു
ഉപദേശികൾക്കായി
തെരുവീഥികളിൽ
ഊരു ചുറ്റീടുന്നു.
പുണ്യസ്ഥലങ്ങളിൽ
പൂജാസ്തുതികളുമായി
ദിവ്യദർശനം കാത്തുകാത്തീടുന്നു.

പ്രാർത്ഥനാഗീതങ്ങൾ,
തീർത്ഥാടനങ്ങൾ, പിന്നെ
പശ്ചാത്തപിക്കാതെ
ദേവാലയങ്ങളിൽ,
പതിവുതെറ്റാതെ, പ്രദക്ഷിണം
വയ്ക്കുന്ന പാപികൾ!

പരിശുദ്ധാത്മാക്കളേ...
പ്രവാചകന്മാരേ... പറയൂ!
ഇവർ ചെയ്യുന്നതെന്തെന്ന്
ഇവരറിയാത്തതെന്ത്?